**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2466** **12-10-2021 - ൽ മറുപടിയ്ക്ക്**

**വനിതാ സംരംഭകത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനിതാ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി. മുഖേന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ്വർക്കിങ് മീറ്റിങ്ങുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരു ക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്) /I.T, Software/Service ബിസിനസ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവത്ക്കരണത്തിനോ വേണ്ടി കെ.എസ്.ഐ.ഡി.സി ഒരു ഹ്രസ്വകാല വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | വനിതാ സംരംഭങ്ങൾക്കായി വ്യവസായവകുപ്പ് നൽകിവരുന്ന സഹായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ? | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വിവിധ സഹായ പദ്ധതികളിൽ സ്ത്രീകൾക്ക് പ്രത്യേക പ്രാധാന്യം നൽകി വരുന്നുണ്ട്. 1. വകുപ്പിന്റെ സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്. ഇതിൽ വനിതകളെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി അധികമായി 10 % |

സബ്സിഡി നൽകി വരുന്നുണ്ട്. 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന സ്ഥിര മൂലധന വായ്പയ്ക്ക് വാർഷിക പലിശയിൽ പലിശ സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. ഇതിൽ വനിതകൾക്ക് 2% അധിക സബ്സിഡി ഉൾപ്പെടെ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലും വനിതകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്കാണ് പദ്ധതി വഴി സഹായം ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണം എന്ന് വ്യവസ്ഥയുണ്ട്. പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും സ്ത്രീകൾ ഉൾപ്പെടുന്ന മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. 4. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതിയായ PMEGP യിൽ സ്ഥിര മൂലധനത്തിനും പ്രവർത്തന മൂലധനത്തിനും 15 % മുതൽ 35 % വരെ നഗര, ഗ്രാമ, കാറ്റഗറി അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചു വരുന്നുണ്ട്. ടി പദ്ധതിയിൽ വനിതകളെ പ്രത്യേക കാറ്റഗറിയിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതകൾക്ക് ഗ്രാമ പ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ജനറൽ കാറ്റഗറിയെ അപേക്ഷിച്ച് 10 % അധിക സബ്സിഡി അനുവദിക്കുന്നുണ്ട്.ജനറൽ കാറ്റഗറിയിൽ നഗര പ്രദേശത്ത് പരമാവധി 3.75 ലക്ഷം രൂപയും , ഗ്രാമ പ്രദേശത്ത് പരമാവധി 6.25 ലക്ഷം രൂപയും സ്പെഷ്യൽ  കാറ്റഗറിയ്ക്ക് പരമാവധി 8.75 ലക്ഷം രൂപയുമാണ് സബ്സിഡി. 5. വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

| | | | |
|---|---|---|---|
| | | | വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉല്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിൽ പ്രവർത്തിക്കുന്ന മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം സെൽഫ് ഹെൽപ് ഗ്രൂപ്പ് അംഗങ്ങൾക്ക് കുടുംബശ്രീ മുഖേന 40,000/- രൂപ സീഡ് ക്യാപ്പിറ്റൽ സഹായവും നൽകി വരുന്നുണ്ട്. കൂടാതെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് SEGP-എന്റെ ഗ്രാമം വായ്പാ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതത്തിന്റെ 50% വനിതാ സംരംഭകർക്കായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്റെ ഗ്രാമം പദ്ധതി പ്രകാരം വനിതാ സംരംഭകർക്ക് ഏതു വിഭാഗത്തിൽപ്പെട്ടവർക്കായാലും പദ്ധതി തുകയുടെ 30% വും, SC / ST വിഭാഗത്തിനാണെങ്കിൽ 40%വും സബ്സിഡി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ